RESOLUTIONS—(contd.)

28. Unemployment and its remedy *(contd.)*

* മിസ്റ്റർ കെ. എം. ഇബ്രാഹിം *(Cranganur)*.— മിസ്റ്റർ പ്രസിഡണ്ടു, സർ, തൊഴിലില്ലായ്മയും ദാരിദ്ര്യവും പട്ടിണിയും ഇങ്ങിനെ നിലകൊണ്ടു നിൽക്കുന്നതു് പ്രകൃതി തരുന്ന അനുഗ്രഹങ്ങളുടെ കുറവുകൊണ്ടല്ല എന്നുള്ള സംഗതിയാണു് വാസ്തവത്തിൽ വളരെ സങ്കടത്തിനു കാരണമായിട്ടുള്ളതു്. പ്രകൃതിദത്തമായ അനുഗ്രഹങ്ങൾ കുറഞ്ഞതുകൊണ്ടു് മനുഷ്യ സമുദായത്തിൽ ഒരു കായ്മായ വിഭാഗം കഷ്ടപ്പെടുകയും, പട്ടിണിയിൽ കിടന്നു വിഷമിക്കുകയും, തൊഴിലില്ലായ്മകൊണ്ടു് ഉഴലുകയും ചെയ്യുന്ന സമയത്തായിരുന്നുവെങ്കിൽ അതു മനസ്സിലാക്കുകയും, അതിനെക്കുറിച്ചു സങ്കടപ്പെടുകയും ചെയ്യുവാൻ കാരണമുണ്ടാകുമായിരുന്നു. നേരെമറിച്ചു അനുഭവത്തിൽ കാണുന്നതു് അതിനു നേരെ വിപരീതമായ ഒരു സംഗതിയാണു്. ചില സാമ്പത്തിക ശാസ്ത്രജ്ഞന്മാർ പറയുന്നതു് നമ്മുടെ സാമ്പത്തികമായ വിഷമങ്ങൾക്കു പ്രധാന കാരണം ഇന്നുള്ള സാധനങ്ങളുടെ അധികമായ വർദ്ധനവുകൊണ്ടാണെന്നാണു്. പ്രകൃതിയുടെ അനുഗ്രഹംകൊണ്ടു സാധനങ്ങൾ അധികമായി നമുക്കു കിട്ടുന്നതുകൊണ്ടാണു്, ലക്ഷ്മി അധികമായി നമുക്കുണ്ടായിക്കൊണ്ടിരിയ്ക്കുന്നതുകൊണ്ടാണു്, ഇപ്രകാരം സാമ്പത്തികാവശത നമ്മിൽ നിലകൊള്ളുന്നതെന്നു പറയുന്നതിനോടു് യോജിക്കുവാൻ നിവൃത്തിയില്ല. പ്രകൃതിയിൽനിന്നും കിട്ടുന്ന ഉൽപന്നങ്ങളുടെ വർദ്ധനവും, പ്രകൃതിദത്തമായ അനുഗ്രഹങ്ങളും അധികമായതുകൊണ്ടല്ല വാസ്തവത്തിൽ ഈ തൊഴിലില്ലായ്മ ഉണ്ടായിട്ടുള്ളതു്. ആ സാധനങ്ങളെ ഉപയോഗിയ്ക്കുവാനുള്ള, ശരിയായവിധത്തിൽ വിതരണം ചെയ്യുവാനുള്ള, സൌകര്യമില്ലാത്ത ഒരു വൈഷമ്യമാണു് ഈ തൊഴിലില്ലായ്മക്കു കാരണമായി തീർന്നിരിക്കുന്നതു്. പ്രകൃതി തരുന്ന അനുഗ്രഹങ്ങളെ വിതരണം ചെയ്യുവാൻവേണ്ടി ശരിയായ ഒരു ഭരണോപകരണം ഇല്ലാത്ത തരക്കേടു കൊണ്ടാണു് ഈ സാമ്പത്തിക പ്രശ്നം, ഈ ദാരിദ്ര്യ പ്രശ്നം, ഈ പട്ടണി പ്രശ്നം, ഭൂരിപക്ഷം ആളുകളും വിഷമിയ്ക്കുന്ന ഈ ദുർഘടം നിലകൊള്ളുന്നതെന്നു നമുക്കു മനസ്സിലായിട്ടുണ്ടു്. ഈ അടുത്ത കാലത്തുപോലും ആസ്ത്രേലിയായിലും, അമേരിക്കയിലും മറ്റു ചില രാജ്യങ്ങളിലും ഗോതമ്പും ചോളവും യവവും മറ്റു പല ധാന്യങ്ങളും പാണ്ടികശാലകളിൽനിന്നും മാററി ഉടമസ്ഥന്മാർ അവയെ ഒന്നിച്ചുവച്ചു തീകത്തിച്ചുകളഞ്ഞ ദാരുണമായ സംഗതിയെക്കുറിച്ചു് നാം കേട്ടിട്ടുണ്ടു്. അറിഞ്ഞിട്ടുണ്ടു്. ഇതു് വാസ്തവത്തിൽ എന്തൊരു ദയനീയമായ സ്ഥിതിയെ കാണിക്കുന്നു! മനുഷ്യരുടെ മൌഢ്യംകൊണ്ടും, യാഥാസ്ഥിതികത്വംകൊണ്ടും വിതരണം ചെയ്യേണ്ടതായ ഉൽപന്നങ്ങളെ മനുഷ്യസ്നേഹമില്ലാതെ, ബുദ്ധിയില്ലാതെ, വിവേകമില്ലാ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

തെ ഇ വിധത്തിൽ കത്തിച്ചു കളഞ്ഞുവെന്നുള്ളതു് എത്രയൊ ഭയനീയമായ ഒരു സംഗതിയാണു്. അഞ്ചുകൊല്ലംകൊണ്ടു് വൃഥാ ലക്ഷത്തിൽ ചിലപ്പാനം മനുഷ്യ സഹോദരന്മാർ ഉണ്ണുവാനും ഉടുക്കുവാനും നിവൃത്തിയില്ലാതെ അർദ്ധപ്പട്ടിണിക്കാരായി അലമുട്ടി ആത്മത്യാഗം ചെയ്തതിന്റെ ഒരു കണക്കു ഇവിടെയുള്ള പല സ്നേഹിതന്മാരും കണ്ടിരിക്കുമെന്നാണു ഞാൻ വിചാരിക്കുന്നതു്. ഇപ്രകാരം പ്രകൃതിയുടെ പേരിൽ ജീവിതമാർഗ്ഗമില്ലാതെ അനവധി സഹോദരന്മാർ കൊല്ലപ്പെടുന്ന ഈ അവസരത്തിൽപോലും മനുഷ്യർ അനുഭവിക്കേണ്ടതായ സാധനങ്ങളെ കത്തിച്ചുകളയുന്ന ഒരു യാഥാസ്ഥിതിക സമ്പ്രദായമാണു് നിലകൊള്ളുന്നതു്! വ്യവസായങ്ങളിൽ കണ്ടുവരുന്ന ഇപ്രകാരമുള്ള ഒരു നിലയാണു് ഇന്നു നാം വ്യാപാര സാധനങ്ങളിലും കണ്ടുവരുന്നതു്. ബഹുസഹസ്രം ജനങ്ങൾ ഉടുക്കാൻ വസ്ത്രമില്ലാതെ കുറെ അൽനഗ്നന്മാരും കുറെ മുഴുനഗ്നന്മാരുമായി ജീവിക്കുമ്പോൾ പാണ്ടികശാലകളിൽ കെട്ടുകെട്ടായി തുണികളും കെട്ടുകെട്ടായി പട്ടുകളും കെട്ടുകെട്ടായി കസവു വസ്ത്രങ്ങളും മറ്റു നാനാവിധത്തിലുള്ള സാധനങ്ങളും ചിലവില്ലാതെ ചിതല് തിന്നു തീറയായി കൊടുത്തു നശിപ്പിക്കുകയാണു് ചെയ്യുന്നതു്. ഇതുപോലെ എത്രയൊ പാണ്ടികശാലകളിൽ പല സാധനങ്ങളും വെച്ചിരിക്കുന്നതു് നാം കാണുന്നുണ്ടു്. ചെരിപ്പുകളും ബൂട്ടുസുകളും ഒരു വഥലത്തു വളരെ അധികം വെച്ചു സൂക്ഷിക്കുകയും അനവധി ആളുകൾ ഒറ ചെരിപ്പോട്ടുകൂടിയും ഒരു ചെരിപ്പും ഇല്ലാത്തവരായും സഞ്ചരിക്കുന്ന ഭയനീയമായ സ്ഥിതി ഇന്നു നാം കാണുന്നുണ്ടു്. ഇങ്ങിനെ മനുഷ്യക്കാവശ്യമായ പലേ സാധനങ്ങളും യാതൊരു ഉപകാരവുമില്ലാതെ ശേഖരിച്ചുവെച്ചിട്ടുള്ള അനവധി പാണ്ടികശാലകളും വ്യവസായ കേന്ദ്രങ്ങളും നാം കാണുന്നുണ്ടു്. അങ്ങിനെയുള്ള സാധനങ്ങൾ എടുത്തു നാട്ടിലെ ദാരിദ്ര്യത്തേയും തൊഴിലില്ലായ്മയേയും പട്ടിണിയേയും പരിഹരിക്കുവാനുള്ള ഒരു പുറപാട നമ്മളിലുണ്ടാകണം.

നമ്മുടെ കൊച്ചീ ഗവൺമെണ്ടും ഇതുപോലെയുള്ള ഒരു പിഴച്ച മൂലധന പരിഷ്കാരത്തിന്റെ ഒരു ഭാഗമായിട്ടാണു് നിലകൊള്ളുന്നതു്. ഏതൊരു സംഗതിയും പ്രായോഗികമായി ചെയ്യണമെന്നും അതു ഉടനടിതന്നെ ചെയ്യണമെന്നും പറയേണ്ടിവരുന്നതു ഞങ്ങളുടെ തരക്കേടുകൊണ്ടല്ല. ഇന്നു രൂപീകൃതമായ ഭരണം, പൊതുക്ഷേമത്തിനു് പ്രാധാന്യം കൊടുക്കുന്ന ഒരു ഉത്തരവാദിത്വ ഭരണം കൊച്ചിയിൽ വന്നാൽ അന്നു ഞങ്ങൾ പറയുന്ന സംഗതികളെല്ലാം നടക്കും. അതിനവസരമുണ്ടാകുമെന്നു വിശ്വസിച്ചുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

*മിസ്റ്റർ കെ. അയ്യപ്പൻ *(Ezhuvas South)*.— ഈ നിശ്ചയത്തിൽ പറഞ്ഞിട്ടുള്ളതുപോലെ ഒരു കമ്മറ്റി നിയമിക്കേണ്ട ആവശ്യമില്ലെ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ന്നാണ് എനിക്ക ആഭ്യമായി പറവാനുള്ളത്. ഈ പ്രശ്നത്തിന്റെ ചില വശങ്ങളെപററീട്ടും ആലോചിക്കാൻ ഗവമ്മെണ്ടിൽനിന്നും ഒരു വലിയ ഉദ്യോഗസ്ഥനെ നിയമിക്കയും അവരെല്ലാവരുംകൂടി സമർപ്പിച്ചിട്ടുള്ള ഒരു റിപ്പോർട്ട ഇപ്പോൾ ഗവമ്മെണ്ടിന്റെ സ്വാധീനത്തിലിരിക്കുകയും ചെയ്യുന്നുണ്ട്. ഈ രാജ്യത്തെ തൊഴിലില്ലായ്മയെ പരിഹരിക്കാൻ ബഹുമാനപ്പെട്ട ക്രാങ്കന്നൂർ മെമ്പർ പറഞ്ഞ ഒരു മാർഗ്ഗം അല്ലാതെ വേറെ ഇല്ലെന്ന് സമ്മതിക്കാതെ നിവൃത്തിയില്ല. പക്ഷെ, ഇപ്പോൾ കൊച്ചിയിൽ മാത്രമല്ല ഇൻഡ്യയിൽ ഒട്ടാകെ നോക്കിയാലും പ്രായോഗിക രാജ്യതന്ത്രമോ പ്രായോഗിക ധനശാസ്ത്രമോ ഉണ്ടായിരിക്കുകയില്ല. എന്നാൽ ഗവമ്മെണ്ടിന്ന് ഒന്നും സാധിക്കുകയില്ലെന്നുവെച്ച് അടങ്ങിയിരിക്കാനും നിവൃത്തിയില്ല. കഴിയുന്ന പരിഹാരങ്ങളും ചെയ്യുവാൻ വേണ്ടി ചിലതെല്ലാം ഗവമ്മെണ്ട് ഇപ്പോൾ പ്രവൃത്തിക്കുന്നുണ്ട്. ആ പ്രവൃത്തികളെ ഫലപ്രദമാക്കുവാനുള്ള ഒരു ശ്രുഷ്ഠാന്തി ഗവമ്മെണ്ട കാണിക്കണമെന്നാണെനിക്ക പറയാനുള്ളത്.

ഞാൻ ചില ഉദാഹരണങ്ങളും പറയാം. വ്യവസായങ്ങളഭിവൃദ്ധിപ്പെട്ടത്താൻ ഗവമ്മെണ്ട് ശ്രമിക്കുമ്പോൾ കൊച്ചീ ഗവമ്മെണ്ടിനെ കൊണ്ടുമാത്രം സാധിക്കാത്ത ചില വൈഷമ്യങ്ങളും നേരിടും. എന്നാൽ ഒന്നാമത്തെ വൈഷമ്യം കൊച്ചീ ഗവമ്മെണ്ടിന്ന് തടഞ്ഞുനിത്താൻ അധികാരമില്ലാതെയാണിരിക്കുന്നത്. എങ്കിലും ചിലതെല്ലാം ഗവമ്മെണ്ടിന ചെയ്യാൻ സാധിക്കും. ഉൽപ്പന്നങ്ങളുംക്ക മാക്കറ്റുകളും മറും കണ്ടുപിടിക്കാൻ ഗവമ്മെണ്ടിന്ന് സാധിക്കും. അതിലൊരു സംഗതി മാത്രം ഗവമ്മെണ്ടിൽനിന്ന് ശ്രദ്ധിക്കണം. അതായത അതിൽ വെയ്ക്കുന്ന ആളുകളും അതിനെ പററിയതായിരിക്കണം. (ഹിയർ, ഹിയർ) മാക്കറിംഗ് ആഫീസേഴ്സായിട്ട് സമർത്ഥന്മാരായ ആളുകളെ വെയ്ക്കുകയും അവക്ക ൪൦൦ - ൫൦൦ മൊ രൂപാ ശമ്പളം കൊടുക്കുകയും ചെയ്യേണ്ടതാണ്. അതിലേയ്ക്ക് കൊച്ചിയിൽനിന്നതന്നെ ആളുകളെ കിട്ടുമെങ്കിൽ അതിനും വിരോധമില്ല; അല്ലാത്ത പക്ഷം ഒരു യൂറോപ്യനെ വെച്ചാലും വിരോധമില്ല. ഇവിടത്തെ പോട്ടറീസും ടാനറീസും ഫലിക്കാതെ പോയതിന്റെ കാരണം അതിന്റെ വക്കിംഗിൽ വന്നിട്ടുള്ള വൈഷമ്യമാണ്. ഇപ്പോൾ ആഗ്രികൾച്ചറിലിന്ന് ഒരാളെ നിയമിച്ചിട്ടുണ്ട്. ഇങ്ങിനെ നിയമിക്കപ്പെട്ടന്ന ആളുകൾക്ക് ഓരോമാസം കഴിയുന്തോറും ഓരോ കൊല്ലം കഴിയുന്തോറും അവരുടെ പ്രവൃത്തികൾ കഴിയുന്നതും ആദായകരമായി വേണമെന്നും അല്ലെങ്കിൽ തന്റെ ശമ്പളം പോകുമെന്നും ഉള്ള ഭയമുണ്ടായിരിക്കണം. അങ്ങിനെയുള്ള ഒരു വ്യവസ്ഥയിന്മേൽ ആയിരിക്കണം ഉദ്യോഗസ്ഥന്മാരെ വെയ്ക്കുണ്ടത്. ഉദ്യോഗത്തിൽ കടന്നുകഴിഞ്ഞാൽ പെൻഷൻ പറ്റുന്നതുവരെ ശമ്പളം കിട്ടുമെന്നുള്ള ബോധം ആ ഉദ്യോഗസ്ഥനുണ്ടായാൽ ഗവമ്മെണ്ടിന്റെ ശ്രമംകൊണ്ടു യാതൊരു ഫലവുമില്ല. ഇപ്പോൾ ഗവമ്മെണ്ട നല്ല ഉദ്ദേശത്തോടുകൂടി ചെയ്യുന്ന പ്ര

LIBRARY ARCHIVES Kerala Legislative Assembly

വൃത്തികേടംപോലും ഫലിക്കാതെ പോകുന്നതു ഗവമ്മെണ്ടിന്റെ ശ്രദ്ധക്കുറവാണു്. അതുകൊണ്ടു് ഗവമ്മെണ്ടു് ഈ സംഗതിയിൽ കുറച്ചുകൂടി ശ്രദ്ധവെയ്ക്കുകയാണെങ്കിൽ ഇങ്ങിനേയുള്ള ചില വഴികളിലെല്ലാം ഇപ്പോഴത്തെ തൊഴിലില്ലായ്മയെ പരിഹരിക്കാൻ ഗവമ്മെണ്ടിനു സാധിക്കും. ഗവമ്മെണ്ടു തൊഴിലില്ലായ്മയെ പരിഹരിക്കാൻ ശ്രമിക്കുന്നതോടുകൂടി നാഗരീകതയെ പിടിച്ചു പിന്നോക്കം വലിക്കുവാനുള്ള വഴിക്കു തിരിയരുതു്. ഇപ്പോഴുള്ള നാഗരീകതയിൽ നിന്നുകൊണ്ടു പലതും കൊച്ചീ ഗവമ്മെണ്ടിനു ചെയ്യുവാൻ സാധിക്കും. അതിനു ശ്രദ്ധിക്കാനായി ഗവമ്മെണ്ടു കാണിയ്ക്കണമെന്നാണു ഞാൻ പറയുന്നതു്.

* മിസ്റ്റർ ടി. കെ. നായർ *(Pazhayannur)*.— തൊഴിലില്ലായ്മയ്ക്കു് ഒരു നിവാരണമുണ്ടാക്കുവാൻ നമ്മുടെ ഗവമ്മെണ്ടിനെന്നല്ല, ജനങ്ങളുടെ പ്രതിനിധികളം ചേരിച്ചുപോരുന്നതായ ഗവമ്മെണ്ടിനുതന്നെ മുഴുവനും സാദ്ധ്യപ്പെട്ടിട്ടില്ലെന്നു നമുക്കു ബോദ്ധ്യമുണ്ടു്. ഇതിനൊരു ശരിയായ നിവാരണമാർഗ്ഗം ഉണ്ടെന്നു ആശിക്കുവാൻ തക്കതായ വഴികളം ഇവിടെ എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ക്രാങ്കനൂർ മെമ്പർ പറഞ്ഞിട്ടുണ്ടു്. അതിനു് ഇപ്പോൾ സാദ്ധ്യപ്പെടുമെന്നുള്ള ബോധം ഞങ്ങൾക്കില്ല. നമ്മുടെ ഗവമ്മെണ്ടു് ഈ തൊഴിലില്ലായ്മാ പ്രശ്നത്തിനു് ഒന്നും ചെയ്തിട്ടില്ലെന്നു പറയുവാൻ ഞങ്ങൾ തയ്യാറില്ല; പലതും ചെയ്തിട്ടുണ്ടു്. പക്ഷേ ഞങ്ങൾക്കിവിടെ ചൂണ്ടിക്കാണിയ്ക്കുവാനുള്ളതു് അതു ഫലത്തിൽ വന്നിട്ടില്ല എന്നുള്ളതാണു്. അതിനു നാട്ടുകാരെ ദുഷ്യം പറഞ്ഞിട്ടു കാര്യമില്ല. കൊച്ചീ രാജ്യത്തു ജനങ്ങൾക്കു് ഇന്നത്തെ സ്ഥിതികളനുസരിച്ചു ജീവിയ്ക്കുക മാത്രമല്ലാതെ ഈ വക കാര്യങ്ങളിൽ ഏർപ്പെടുവാൻ സാദ്ധ്യമല്ല. ഗവമ്മെണ്ടു ഇപ്പോൾ അടുത്ത അവസരത്തിൽ തുടങ്ങീട്ടുള്ളതാണു് കോവാപ്പറേറീവു് മാക്കറിംഗു സിസ്റ്റം. അതു ഫലത്തിൽ കണ്ടില്ലെന്നോ അല്ലെങ്കിൽ ഫെയിലായി എന്നോ വന്നാൽ അതിനു തരവാടി കൊച്ചി ഗവമ്മെണ്ടല്ല എന്നുള്ളതു തീച്ചയാണു്. ഇപ്പോൾ അതു ഫെയിലാകുമോ എന്നുള്ളതു ഞങ്ങൾക്കും ഡിപ്പാർട്ടുമെണ്ടിനും പറയാറായിട്ടില്ല. അതിൽ ഗവമ്മെണ്ടു കൂടുതൽ ശ്രദ്ധവെക്കണം. മുഴുവനും നാട്ടുകാർക്കു വിട്ടുകൊടുത്തു് അവരുടെ ഇഷ്ടംപോലെ പ്രവൃത്തിക്കട്ടെ എന്നുവയ്ക്കുണ്ടു കാലമായിട്ടില്ല.

എന്റെ സ്നേഹിതൻ മിസ്റ്റർ അയ്യപ്പൻ പറഞ്ഞതുപോലെ ഒരു പോട്ടറി എക്സ്പർട്ടിനെ ഇവിടെ നിയമിച്ചിട്ടു് എത്ര കാലമായി. അതുകൊണ്ടു് കൊച്ചീ രാജ്യത്തിലെ തൊഴിലുകളം എത്രത്തോളം വർദ്ധിപ്പിച്ചിട്ടുണ്ടെന്നു അന്വേഷിക്കേണ്ടതുമുതല ഗവമ്മെണ്ടിനുണ്ടു്. അതു് അടിക്കടി അന്വേഷിച്ചുകൊണ്ടിരുന്നെങ്കിൽ ഇന്നത്തെ സ്ഥിതിയിൽ അതാകയില്ലായിരുന്നു എന്നാണു് എന്റെ അഭിപ്രായം. ഈ കൊല്ലത്തിലും ഗവമ്മെണ്ടു ഒരു പോട്ടറി എക്സ്പർട്ടിനെ ഗവമ്മെണ്ടു നി

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

യമിച്ചിട്ടുണ്ട്. അദ്ദേഹത്തെ നിയമിച്ചതിനുശേഷം വാസ്തവത്തിൽ അതിനെപ്പറ്റി എന്തെങ്കിലും പ്രവൃത്തിച്ചിട്ടുണ്ടോ? ഇതെല്ലാം ന്യായമായി അപേക്ഷിക്കേണ്ട ചുമതല ഗവമ്മെണ്ടിനുണ്ട്. ഗവമ്മെണ്ടു ഇങ്ങനെ ഓരോന്നിലും അതായതു പൗൾട്ടറി ഇൻസ്പെക്ടരേയും ഒരു ബി എക്സ്റ്റെൻഷൻ പർട്ടിനേയും നിയമിച്ച ഗവമ്മെണ്ടിന്റെ ചുമതല തീർത്തല്ലാതെ ഇതു് അഭിവൃദ്ധിയിൽ കൊണ്ടുവന്നിട്ടുണ്ടോ? ഇതു് ഒരു മാതൃകായോഗ്യമാക്കി കൊച്ചീ രാജ്യത്തു ഒട്ടാകെ കാണിക്കുവാൻ നമുക്കു സാധിച്ചിട്ടുണ്ടോ? അതൊന്നുമില്ല. എനിക്കു ഈ വിഷയത്തെപ്പറ്റി കൂടുതൽ ആസക്തിയുള്ളതുകൊണ്ടാണു് ഞാൻ ഇത്രയെല്ലാം പറഞ്ഞിട്ടുള്ളതു്. ഉൾനാടുകളിലൊക്കെ അതായതു് ഞങ്ങളുടെ നാട്ടിൽ കൃഷിയാണധികവും. അവിടെ ഫവ മാസക്കാലവും കൃഷിക്കു സൌകര്യമുണ്ടു്. അവിടെ പല സ്ഥലങ്ങളും കൃഷിക്കു യോഗ്യമല്ലാത്തവിധത്തിൽ തരിശായി കിടക്കുന്നതുകൊണ്ടു് വളരെ ആളുകൾക്കു തൊഴിലില്ലാതായിട്ടുണ്ടു്. ഗവമ്മെണ്ടു അവിടെ ഇറിഗേഷൻ സ്കീം വളരെ നിസ്സാരമായിട്ടു തള്ളിയിട്ടുണ്ടു്, ഗവമ്മെണ്ടു് ആ ഇറിഗേഷൻ സ്കീം നടപ്പിൽ വരുത്തിയാൽ, ആ സ്ഥലത്തു മാത്രമല്ല ഒരു പത്തു വില്ലേജുകൾക്കു ഗുണം സിദ്ധിക്കും. അതോടുകൂടി ഈ പത്തു വില്ലേജുകളിലെ തൊഴിലില്ലായ്മ ഇല്ലാതാകും. അതുകൊണ്ടു് അവിടെ ഒരു നല്ല ഇറിഗേഷൻ സ്കീം നടപ്പിൽ വരുത്തണം.

പുതുക്കാട്ടു ഓട്ടുകമ്പനികളുണ്ടു്. ആ കമ്പനികളിൽ ധാരാളം കൂലിക്കാർ പ്രവൃത്തി ചെയ്തുവരുന്നുണ്ടു്. ഞാൻ ഒരു ഓട്ടുകമ്പനിയുടെ ഉടമസ്ഥനായതുകൊണ്ടാണു് ഞാൻ ഇതിനെപ്പറ്റിപ്പറയുന്നതു്. ആയിരം ഓടിന്നു മുമ്പു ശ്രീ രൂപാ, മുവ്വു രൂപാ, ഉണ്ടായിരുന്നതു് ഇപ്പോൾ മുന്നു രൂപാ, മുവ്വു രൂപായൊക്കെ വിലയുള്ള എന്നു കമ്പനികളിൽനിന്നു പ്രസിദ്ധം ചെയ്തിട്ടുള്ള കണക്കുകൊണ്ടു കാണാം. ഈ ഓടു് പുറത്തുനിന്നു വാങ്ങിക്കുകയാണെങ്കിൽ ഒരു രൂപാ നാല രൂപാ വില കൊടുക്കണം. അതിന്റെ കാരണം നമ്മുടെ രാജ്യത്തു കോമ്പിനേഷൻ ഇല്ലാത്തതുകൊണ്ടാണു്. യൂറോപ്യൻ രാജ്യങ്ങളിൽ കോമ്പിനേഷൻ ഉണ്ടു്. അവിടെ കോമ്പിറേഷൻ ഇല്ല. ഇവിടെ കോമ്പിറേഷൻ ഉള്ളതുകൊണ്ടാണു് സാധനങ്ങൾക്കു ശരിയായി വില കിട്ടാത്തതു്. ഇവിടെ കോമ്പിനേഷൻ വരുത്തുന്നതിനു നാട്ടുകാർതന്നെ ശ്രമിച്ചാൽ മതിയെന്നു വിചാരിച്ചു ഗവമ്മെൻറു അതിൽ പ്രവേശിക്കാതിരിക്കുന്നതു് ശരിയല്ല. ഗവമ്മെൻറു അങ്ങിനെ പറയുന്നതിൽ ഒരടിസ്ഥാനമില്ല. ഞങ്ങൾ ഇതിനു വഴിപ്പെട്ടില്ലെങ്കൽ ഞങ്ങളെ ശാസിച്ചു നടത്തണം. മാതാപിതാക്കന്മാർ കുട്ടികളെ രക്ഷിക്കുന്നതുപോലെയുള്ള ഒരു ചുമതലയാണു് പ്രജകളെ രക്ഷിക്കുന്നതിൽ ഗവമ്മെൻറിനുണ്ടായിരിക്കേണ്ടതു്. ഇങ്ങനെ പല സംഗതികളും ഉദാഹരണമായിട്ടു എടുത്തു പറയാൻ സാധിക്കും. അതെല്ലാം ഇവിടെ എടുത്തു പറയണമെന്നു വിചാരിക്കുന്നില്ല. ഈവക കാര്യങ്ങളിൽ ഗവമ്മെൻറിനു കൂടുതൽ സൌകര്യമുണ്ടു്. വളരെ സംഗതികളും ആലോ

LIBRARY ARCHIVES Kerala Legislative Assembly

ചിച്ചു അറിയുവാനും ഓരോ വില്ലേജിലേയും അത്യാവശ്യം എന്താണെന്നു അറിയുവാനും ഗവമ്മെൻറിനു സൗകര്യമുണ്ട്.

ഇനി നേന്ത്രക്കായുടെകാര്യമെടുക്കാം. ഞങ്ങളുടെ രാജ്യത്തെ വത്തമാനമാണു പറയുന്നതു്. തലപ്പിള്ളിത്താലൂക്കിൽ ഓണക്കാലത്തു മാത്രമേ നേന്ത്രപ്പഴം കാണുകയുള്ളൂ. തിരുവോണം കഴിഞ്ഞാൽ അതിനു ചിലവില്ല. ഇങ്ങനെ ചിലവില്ലാതെ വളരെ പഴങ്ങളും നശിച്ചുപോകുന്നുണ്ടു്. ഇതിനു ഗവമ്മെൻറു ഒരു മാർഗ്ഗം കണ്ടുപിടിക്കണം. മൈസൂർ ഗവമ്മെൻറു ഒരു മൂർ മാർഗ്ഗം ഏർപ്പെടുത്തീട്ടുണ്ടു്. ആ മാർഗ്ഗത്തിലേക്കു നമ്മുടെ രാജ്യത്തിൻറെ പ്രതിനിധിയായി ഒരാളെ അയക്കുക അവിടെ കായ് മാത്രമല്ല ചേന, ഇല മുതലായ പല സാധനങ്ങളും വില്ക്കുവാൻ സാധിക്കും. ഈ കാര്യം ഗവമ്മെൻറിനു വളരെ നിസ്സാരമാണു്. പക്ഷേ എൻറെ മനസ്സിൽ വളരെ ഗൗരവമായിട്ടുള്ള സംഗതികൾ ആയതുകൊണ്ടാണു് ഞാൻ പറയുന്നതു്. ഇങ്ങനെ ചെയ്യുകയാണെങ്കിൽ സാധനങ്ങൾക്കു ശരിയായ വിലകിട്ടുമെന്നുമാത്രമല്ല, ഇതുകൊണ്ടു് സാധുക്കൾക്കു ഒരു രക്ഷയുമായിരിക്കുമെന്നാണു് എൻറെ അഭിപ്രായം. ഒരു കൊല്ലമോ, എട്ടുമാസമോ തേവിനനച്ചാണു് നേന്ത്രക്കായുണ്ടാക്കുന്നതു്. ഇതിനു നൂറിനു മുന്നാണ, നാലണയേ വിലയുള്ളൂ. ഇതേ സാധനങ്ങൾക്കു കോയമ്പത്തൂർ ഡിസ്ട്രിക്ടിൽ ഒന്നേകാൽ രൂപ കൊടുത്താലേ കിട്ടുകയുള്ളൂ. അതിനു കാരണം അവിടെ ഒരു മാർക്കിറു കണ്ടുപിടിച്ചിട്ടുള്ളതാണു്. അതേ മാതിരിയുള്ള ഒരു പദ്ധതി ഗവമ്മെൻറു ഇവിടെയുമുണ്ടാക്കുന്നതായാൽ ഇവിടത്തെ തൊഴിലില്ലായ്മ ഒട്ടാകെ മാറുവാൻ കഴിയുന്നതാണു്. ഇങ്ങനെ, കയറു, കൊപ്ര, നെല്ലു്, നാളികേരം മുതലായിട്ടുള്ള സാധനങ്ങൾക്കൊക്കെ ശരിയായ വിലകിട്ടുന്നതിനു മാർക്കറു കണ്ടുപിടിക്കണം. ഈ പദ്ധതികളൊക്കെ നടപ്പിൽ വരുത്തുവാൻ ഗവമ്മെൻറു ഉത്സാഹിക്കുന്നതായാൽ അതുകൊണ്ടു് നമ്മുടെ രാജ്യത്തെ തൊഴിലില്ലായ്മ നിർല്ലേഷം നശിക്കുന്നതാണു്.

മിസ്റ്റർ വി. എസ്സ്. കൃഷ്ണൻവൈദ്യൻ *(Nominated)*.— സർ, തൊഴിലില്ലായ്മമൂലം കഷ്ടപ്പെടുന്നവരായ ജനങ്ങൾ അധഃകൃതരാണെന്നു് ഞാൻ ഇവിടെ പറയാതെതന്നെ എല്ലാവർക്കും അറിയാവുന്നതാണു്. ഞങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെൻറിൽനിന്നും പലേതരത്തിലുള്ള അനുകൂല്യങ്ങൾ ചെയ്യുതരുന്നുണ്ടെങ്കിലും അതുകൊണ്ടൊന്നും ഞങ്ങളുടെ പട്ടിണികൾക്കു പരിഹാരമാർഗ്ഗമുണ്ടാക്കിയതായി തോന്നുന്നില്ല. ഞങ്ങൾക്കു എന്തെങ്കിലും തൊഴിലുകൾ ഉണ്ടാക്കി തരണമെന്നു വളരെക്കാലമായി ഈ നിയമസഭയിലും മറു പലേടങ്ങളിലും യോഗങ്ങൾകൂടി പ്രമേയങ്ങൾ പാസാക്കിയും മറു തരത്തിലും ഗവമ്മെൻറിനെ ധരിപ്പിച്ചുതുടങ്ങിയിട്ടു്. എന്നാൽ ഇതുവരെയും അതിനുതക്ക ഒരു പരിഹാരമാർഗ്ഗം ഗവമ്മെൻറു ഒരു വിധത്തിലും ചെയ്തതന്നിട്ടില്ല. ഒരു ദിവസം ഒരാൾ ജോലിചെയ്യുന്നതായാൽ രണ്ടു ഇടങ്ങഴി നെല്ലുമാത്രമേ സിദ്ധിക്കുകയുള്ളൂ. എന്നാൽഅവൻറെ എട്ടോ പത്തോ പ്രാരാബ്ധങ്ങൾ ഉള്ള കു

LIBRARY ARCHIVES Kerala Legislative Assembly

ഡുംബത്തിന്ന് ഈ രണ്ടു ഇടങ്ങഴി നെല്ലുകൊണ്ടു ഒരു ദിവസം കഴിഞ്ഞു കൂടുവാൻ നിവൃത്തിയില്ലെന്നുള്ളതു ഏതൊരുത്തക്കും അറിയാവുന്ന സംഗതിയാണു്. ഇതിനെല്ലാം പരിഹാരമാർഗ്ഗമായി ഞങ്ങൾക്കു വച്ചുതന്നിട്ടുള്ളതു് ഒരു അധഃകൃത ഡിപ്പാർട്ടുമെൻറാണു്. എന്നാൽ അതിൽനിന്നു ഞങ്ങൾക്കു പൂർത്തിയായ ഒരു ഫലവും കിട്ടുന്നില്ലെന്നു തിട്ടപ്പെടുത്തുവാൻ ഞാൻ സന്നദ്ധനാണു്. വിദ്യാഭ്യാസങ്ങളെ കൊണ്ടാണു് ഞങ്ങൾക്കു ഉയർച്ച വരുവാനുള്ളതു് എന്നാൽ അതുകൂടി ഗവൺമെൻറിൽനിന്നു ഇപ്പോൾ കുറച്ചു വരുന്നുണ്ടു്. പലേതരത്തിലുള്ള ആനുകൂല്യങ്ങൾ ഗവൺമെൻറിൽനിന്നു ഓരോരുത്തക്കും ചെയ്തുകൊടുക്കുന്നുണ്ടു്. അധഃകൃതക്കു തൊഴിലുകൾക്കുവേണ്ടി ഒന്നുംതന്നെ ചെയ്തുതരുന്നില്ല. അധഃകൃതസംരക്ഷണത്തിന്നു് അവർ പ്രധാനമായി ചെയ്തുതരുന്നതു് ഓരോ അധഃകൃതകോളനികളിലും ഓരോ ക്ഷേത്രങ്ങളേയും ദൈവങ്ങളേയും ആണു്. ക്ഷേത്രങ്ങളും മറ്റും പണിതു തന്നിട്ടു് വയറു നിറയെ കള്ളും മാംസവുമായി അവിടെചെന്നു കളിച്ചു തൊഴുതതുകൊണ്ടു യാതൊരു മോക്ഷവും കിട്ടുകയില്ല. അതുകൊണ്ടൊന്നും വയറുനിറയുകയുമില്ല. അവരുടെ ഉപജീവനത്തിനുവേണ്ടി വല്ല തൊഴിലും ഉണ്ടാക്കി കൊടുക്കണമെന്നാണു് ഞാൻ ഗവൺമെൻറിനോടു പറയുന്നതു്. ക്ഷേത്രങ്ങൾക്കും മറ്റുമായി ചിലവുചെയ്യുന്ന പണം എടുത്തു അവരുടെ വിദ്യാഭ്യാസത്തിനുവേണ്ടി ചിലവുചെയ്തുതരുന്നതിനും അവർക്കു തൊഴിലുണ്ടാക്കിക്കൊടുക്കുന്നതിനുംവേണ്ടി ഉപയോഗിക്കണമെന്നു ഞാൻ ഗവൺമെൻറിനോടു അപേക്ഷിച്ചുകൊണ്ടു് എൻെറ പ്രസംഗം ഉപസംഹരിച്ചുകൊള്ളുന്നു.

*മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ *(Nellayi)*.—സർ, ബഹുമാനപ്പെട്ട പഴയന്നൂർ മെമ്പർ പറഞ്ഞതിനെപ്പറ്റി, ഞാനും അനുഭവസ്ഥനായതുകൊണ്ടു, ഗവൺമെൻറിനെ മനസ്സിലാക്കുവാനായിട്ടു രണ്ടു വാക്കു പറയാമെന്നു വിചാരിക്കുന്നു. ഈ കോമ്പിറേഷൻകൊണ്ടു് എങ്ങിനെയാണു് ഒട്ടാകെ കച്ചവടം ഇടിഞ്ഞുപോയതു് എന്നുള്ള വിവരം ഞാൻ പറഞ്ഞു മനസ്സിലാക്കാം. കൊച്ചീരാജ്യത്തു മുപ്പതോ, മുപ്പത്തഞ്ചോ ഓട്ടു കമ്പനികളുണ്ടു്. ഈ കമ്പനികളിലുണ്ടാക്കുന്ന സകല സാധനങ്ങൾക്കും ഡിമാൻറുണ്ടു്. കക്കടകം 1080-ാം തിയ്യതി കമ്പനിയിൽ ചെന്നു നോക്കിയാൽ യാതൊരു സാമാനങ്ങളും ബാക്കിയുണ്ടാകയില്ല. ഇപ്പോൾ ഓടിന്നു ഫാറ കു ഉ-നു ഉ രൂപാ വിലയുണ്ടു്. ഈ സമയത്തു ഇതിൽ ഒരു കമ്പനിക്കാർ ഫാറന്നു ഉ രൂപാ വിലക്കു തരാമെന്നു പറഞ്ഞു. ഈ കമ്പനി ഒരു വലിയ കമ്പനിയാണു്. അതിൽ ഫാ-ഫ ലക്ഷം ഓട്ടുണ്ടാക്കുവാൻ സാധിക്കും. ഈ സമയംകൊണ്ടു് മറ്റുള്ള കമ്പനിക്കു ഒരു ലക്ഷമോ, ഒന്നരലക്ഷമോ ഉണ്ടാക്കുവാനേ സാധിക്കുകയുള്ളൂ. കൺട്രാക്ടർമാർ വന്നാൽ വിലകുറഞ്ഞ സാമാനങ്ങളാണു് ആദ്യം വാങ്ങുക. ഈ വിലക്കു ചെറിയ കമ്പനിക്കാക്കു വിൽക്കുവാൻ നിവൃത്തിയില്ല. അവർക്കു സാമാനം

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

വിറ്റിട്ടവേണം വേലക്കാക്ക് കൂലികൊടുക്കുവാൻ. അവരുടെ സാമാനങ്ങൾ ചിലവാകുന്നതിനു കുറഞ്ഞ വിലക്കു വില്ക്കേണ്ടിവരുന്നു. ഇങ്ങനെ കുറഞ്ഞവിലക്കു സാമാനങ്ങൾ വിറ്റിട്ട്, മുന്നൂറു്, നാന്നൂറു് ആളുകൾ വേലചെയ്യുന്നതായ ആറു ഓട്ടുകമ്പനികൾ നശിച്ചുപോയതായി എനിക്കറിയാം. അതു് ഈ കോമ്പറേഷൻ മൂലമാണു്. ഇതിലേക്കു എന്താണു് ഗവമ്മെൻറു് ചെയ്യേണ്ടതു് എന്നു ചോദിച്ചാൽ, കമ്പനിക്കാരെയെല്ലാം വിളിച്ചുകൂട്ടി ഗവമ്മെൻറിൻെറ നിർബ്ബന്ധങ്ങൾ പ്രയോഗിച്ചു് ഇതിനെന്തെങ്കിലും നിവാരണം ചെയ്യണമെന്നാണു് ഞാൻ പറയുന്നതു്. തൊഴിലില്ലായ്മയെ നിർമ്മൂലം ഇല്ലായ്മചെയ്വാൻ സാധിക്കയില്ലെന്നു എനിക്കറിയാം. എങ്കിലും അതിനു കുറച്ചൊക്കെ പരിഹാരം ചെയ്യുവർദ്ധിപ്പിക്കാതെ കഴിക്കേണ്ട മുതല ഗവമ്മെൻറിനുണ്ടു്. പല വ്യവസായങ്ങളേയും ഗവമ്മെൻറിൽനിന്നു സഹായിക്കണം. ഒരുദാഹരണം ഞാൻ പറയാം. അതു് കരിമ്പു് കൃഷിയെപ്പറ്റിയാണു്. ഞാൻ ആറുകൊല്ലം കരിമ്പു കൃഷിചെയ്തിട്ടുണ്ടു്. ഇതിനു ആദായമുണ്ടു്. എന്നാൽ ഇതിനുള്ള മുഖ്യമായ വിഷമം കരിമ്പു് വെട്ടിവില്ക്കുന്നതിലാണു്. ചെറിയതരം കൃഷിക്കാക്കു മില്ലും മറ്റുംവെച്ചു് ആട്ടി നീരെടുക്കുവാൻ സാധിക്കുകയില്ല. ഇതിനു ഡിമാൻറു ഉണ്ടായേക്കുമെന്നു കണ്ടാൽ ധാരാളം ആളുകൾ ഇതു കൃഷിചെയ്യാനുണ്ടാകും. ഇവർ കൃഷിചെയ്തുണ്ടാക്കുന്ന കരിമ്പെല്ലാം ഗവമ്മെൻറിൽനിന്നും വാങ്ങിക്കുവാൻ തയ്യാറായിരിക്കണം. അതുകൊണ്ടു ഗവമ്മെൻറു ഓരോ വില്ലേജിലും ഓരോ മിൽ സ്റ്റാർട്ടചെയ്തു ഈ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ സകലദിക്കിലും കരിമ്പുകൃഷി ചെയ്യുമെന്നാണു് എൻെറ വിശ്വാസം. കരിമ്പുകൃഷികൊണ്ടു് മറു കൃഷികൾക്കൊന്നും ദോഷമില്ല. ബാക്കി കൃഷികളെല്ലാം കഴിഞ്ഞതിനുശേഷം ഒഴിവുള്ള സമയത്തു് കൃഷിചെയ്താൽ മതി. ഇതിനു കൂടുതലദ്ധ്വാനം ചെയ്യേണ്ട. അതുകൊണ്ടു ഇതിനു ഡിമാൻറു ഉണ്ടാക്കേണ്ട മുതല ഗവമ്മെൻറിനുണ്ടെന്നാണു് ഞാൻ പറയുന്നതു്.

പിന്നെ ഇവിടെ നേന്ത്രവാഴ കൃഷിയെപ്പറ്റി പറഞ്ഞു. അതും നല്ലതാണു്. ഞാൻ ഒരുദാഹരണവുംകൂടി പറയാം. പൈനാപ്പിൾ, ഇവിടെ ഒരു കമ്പനി സ്റ്റാർട്ടചെയ്തു ഗവമ്മെൻറു വ്യവസായം നടത്തുകയാണെന്നുണ്ടെങ്കിൽ നൂറു പർസൻറു് ലാഭം കിട്ടും. എന്നാൽ ഇതിൻെറ ദോഷമെന്താണെന്നു പറയാം. ഏതു കാലത്തും ദിവസമൊന്നിനു നൂറു പഴത്തിനേ ചിലവുള്ളൂ. ഇതു് പൗണ്ടിനു് ഒന്നരണ വിലയുണ്ടു്. ഇതു് എല്ലാക്കാലത്തും ഉണ്ടാകയില്ല. ഉണ്ടാകുന്നകാലത്തു് ആയിരവും ആയിരത്തഞ്ഞൂറും പ്രീതമുണ്ടാകും. ഉണ്ടാകുന്നപഴങ്ങൾ മുഴുവൻ വില്ക്കുകയാണെങ്കിൽ ധാരാളം ലാഭം കിട്ടും. ഇല്ലാത്തകാലത്തേക്കു പഴം കേടുവരാതെ സൂക്ഷിക്കുന്നതിനു വേണ്ട എളുപ്പാട ഗവമ്മെൻറു ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

ഇതുപോലെതന്നെയാണ് പുകയില കൃഷിയും. പലതരത്തിലും ആദായമുള്ള കൃഷിയാണിത്. അതിനെ ഗവൺമെൻറ് പ്രോത്സാഹിപ്പിക്കണം. ഇങ്ങനെ പലവിധത്തിലും തൊഴിലില്ലായ്മയെ പരിഹരിക്കുവാൻ ഗവൺമെൻറിനു വഴിയുണ്ട്.

Mr. K. S. Manickam *(Irinjalakkuda).*—On a point of information, may I know whether any officer of Government has studied the Sapru Report on the unemployment problem?

Mr. President.—Have you gone through it?

Mr. K. S. Manickam *(Irinjalakkuda).*—I have not got a copy of it.

Mr. President.—I shall supply you with a copy.

***Mr. P. Kumaran Ezhuthassan** *(Vadakkancheri).*—The unemployment problem is an all-pervading one. It does not take in its purview only the idle and the unemployed. The question affects all the rest. It hits the educated as also the uneducated. It was said in this House yesterday that this question is a world-wide one and is of a complicated nature. The fact that it is a complicated one calls for tackling the question at the earliest date and in the most effective and efficient manner possible. I do not contend that it is possible for any Government to find employment for all the educated unemployed or even give work for all the uneducated unemployed. But it will be possible for a Government to do much by way of preventing the evils arising out of unemployment by working in the direction of effective palliatives. In order that such efforts on the part of the Government may be effectual it will again be necessary—it will be desirable at any rate—to have definite and correct statistics regarding the extent and incidents of unemployment both amongst the poor as well as the educated. Regarding the question of the appointment of a mixed committee as suggested by the resolution or even a Governmental committee or a committee of experts on that question, what I wish to place before this House is that neither the non-officials of this House nor the Government as a whole being either omniscient or omnipotent, it will be desirable that a body of men put their heads together and with the experience of the tackling of this question in other parts of the world, formulate their suggestions and put forward the results of their co-ordinated efforts by way of appropriate recommendations for solving the question of unemployment in this State. Viewed from that stand-point, a committee is necessary. But if for any reason a committee is considered not

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

absolutely necessary, it will be desirable for the Government to look into the various reports submitted by various committees appointed by provincial Governments throughout India. Almost all the provincial Governments in India during the last one decade had applied their minds to this all-important question and each Government has in its possession a report containing suggestions to relieve unemployment, regard being had to particular conditions obtaining in those provinces. We have the latest report of which mention was made by the Hon'ble Member for Irinjalakkuda—the Sapru Report. If we are not going to appoint a committee it will be proper, as I said before, to study these various reports and accept whatever that is desirable in the circumstances and conditions obtaining in Cochin. One of the reports that I had occasion to peruse was the report of the Madras Government Committee. The recommendations of that committee in brief are mentioned in the Sapru Report and I believe that the recommendations contained therein will be most acceptable to the conditions obtaining in Cochin.

Mr. A. V. Moothedan *(Chalakkudi)*.—Who was the Chairman of that Committee ?

Mr. P. Kumaran Ezhuthassan *(Vadakkancheri)*.—The Chairman of that committee was the Commissioner of Labour in Madras. The relevant portion of the recommendations which will apply to our State is this:—

> "The main fact is that South India is, and will be for some time to come, an agricultural country just as New Zealand, Australia, Canada and South Africa. Her great irrigation systems, her rice, her cotton, her groundnuts, are products of which any country would have a right to be proud. Let her leave for the few the Government service and the Law and devote her talents and energies for the improvement of agriculture with industries being gradually developed, and the problem of unemployment will be solved."

I think these observations will apply to the conditions obtaining here. Almost all that is mentioned here, viz., irrigation, cotton growing, rice, etc., apply to our State also. Certain parts of our State do work in groundnuts, cotton and rice. If we only accept this part of the report and try to work it effectively in the State that would certainly go a long way to relieve unemployment. The Madras Government has recently given effect to this portion of the report by giving extra facilities for agriculture. With regard to the question of relieving unemployment amongst the poor what strikes me is only one thing. It will be a question of village organisation to be conducted and

LIBRARY ARCHIVES Kerala Legislative Assembly

worked in the most up-to-date manner and as efficiently as possible. Surely all these items of work will entail expenditure and perhaps large expenditure, on the part of Government. But the consideration we must have is the direction in which the amount is proposed to be spent. It will be money well spent. I will therefore request the Government that if they cannot find their way to appoint a Committee which, according to me, is the best way of arriving at absolute and reliable data, they may be pleased to study these reports and accept whatever is good for our State.

* മിസ്റ്റർ കെ. എം. കുഞ്ഞുമൊയ്തീൻ *(Kattur)*.—സർ, ആവശ്യത്തിൽ കൂടുതലായ വിവരങ്ങൾ ഈ വിഷയത്തെക്കുറിച്ചു ഉണ്ടായിട്ടുണ്ടെങ്കിലും ഒരു സംഗതി ഗവൺമെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടു വരുന്നതിനാകുന്നു ഞാൻ ഇവിടെ എഴുന്നേറ്റുനില്ക്കുന്നത്. ദിവാൻപേഷ്ക്കാർ അവർകൾ ഇന്നലെ തൊഴിലില്ലായ്മയുടെ കണക്കെടുക്കുന്നതിനെ സംബന്ധിച്ചു് ചില ശ്രമങ്ങൾചെയ്തു വരുന്നുഎന്നു പറയുകയുണ്ടായി. വാസ്തവത്തിൽ തൊഴിലില്ലായ്മക്കു ശരിയായ പരിഹാരം ചെയ്യണമെന്നുണ്ടെങ്കിൽ തൊഴിലില്ലായ്മയുടെ ശക്തിയും ആഴവും എത്രത്തോളമുണ്ടെന്നു മനസ്സിലാക്കണം. അതിനു ആദ്യമായി തൊഴിലുള്ളവരുടെ എണ്ണം എത്രയുണ്ടെന്നു അറിയണം. അതിനു ശേഷം ഇല്ലാത്തവരുടെ എണ്ണം എത്രയാണെന്നറിയണം. ഇങ്ങനെ ഒരു കണക്കുകിട്ടാതെ ഒരു നിവൃത്തിയുമില്ല. അദ്ദേഹം ഇപ്പോൾ ചെയ്യുവരുന്ന വ്യവസ്ഥ വളരെ പരിമിതവും അപര്യാപ്തവുമായ ഒന്നാണെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ടു കൂടുതൽ ജാഗ്രതയായി നടത്തുന്നതിനു ഇതിന്റെ ഒരു കണക്കു എത്രയും വേഗത്തിൽ കിട്ടേണ്ടതാണെന്നു ഞാൻ ഗവൺമെൻറിനോടപേക്ഷിക്കുന്നു. അതിനു ശേഷമേ തൊഴിലില്ലായ്മയുടെ പരിഹാരത്തിനു ശരിയായ ഒരു പ്രോഗ്രാം നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ. ഈ പ്രോഗ്രാം ഉണ്ടാക്കിയാൽ അനുദ്യോഗസ്ഥ മെമ്പറന്മാർ ഇന്ന് ഇവിടെ പ്രസ്താവിച്ചിട്ടുള്ള എല്ലാ അഭിപ്രായങ്ങൾക്കും ഉടനടി പരിഹാരംചെയ്യുവാൻ സാധിക്കും. പട്ടണങ്ങളിൽ വ്യവസായശാലകൾ സ്ഥാപിക്കുന്നതുകൊണ്ടു വില്ലേജുകളിലെ തൊഴിലില്ലായ്മക്കു പരിഹാരമുണ്ടാകുകയില്ല. അതുകൊണ്ട് ഓരോ വില്ലേജുകളിലേയും തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനു പര്യാപ്തമായവിധത്തിൽ വില്ലേജുകളിൽ വ്യവസായശാലകൾ ഗവൺമെൻറു സ്ഥാപിക്കണം. നാട്ടുകാരെക്കൊണ്ടു വ്യവസായശാലകൾ സ്ഥാപിപ്പിച്ചു തൊഴിലില്ലായ്മക്കു പരിഹാരം വരുത്താമെന്നു വിചാരിക്കുന്നതിൽപരം മൗഢ്യവും വൈഷമ്യവും ഗവൺമെൻറിനു വേറെ ഇല്ല. പണമുള്ളവർ പണമിറക്കി വ്യവസായം നടത്തുവാൻ വാസ്തവത്തിൽ കൂടുതൽ ഉത്സാഹം കാണിക്കാത്തവരാണ്. എവിടെ കൂടുതൽ ലാഭമെടുക്കുവാൻ സാധിക്കുമോ അവിടെ മാത്രമേ നാട്ടുകാർ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

പണമിറക്കുകയുള്ളൂ. സാധുക്കൾക്കു ജോലിയുണ്ടാകണം, അവർക്കു കഴിവുണ്ടാകണം, അവരുടെ ദാരിദ്ര്യത്തെ ഇല്ലായ്മ ചെയ്യണം എന്ന ഉദ്ദേശത്തോടുകൂടി വ്യവസായങ്ങൾക്കു പണം മുടക്കുന്ന പണക്കാരെ കാണുവാൻ പ്രയാസമാണ്. സാധുക്കളുടെ വൈഷമ്യം തീർക്കുവാനും അവരുടെ ദാരിദ്ര്യത്തിനും പട്ടിണിക്കും പരിഹാരം ഉണ്ടാക്കുവാനും പണക്കാർക്കു വാസ്തവത്തിൽ ചുമതലയില്ല. അതിനുള്ള ചുമതല ഗവൺമെൻറിനാണ്. ഈ ചുമതലയോടുകൂടി ഗവൺമെൻറു നേരിട്ടു വ്യവസായശാലകൾ സ്ഥാപിച്ചു നടത്താത്ത കാലത്തോളം തൊഴിലില്ലായ്മയ്ക്കു യാതൊരു പരിഹാരവും കാണുകയില്ല. ഇന്നു എല്ലാ പരിഷ്കൃത ഗവൺമെൻറുകളുടേയും ആശയവും ആദർശവും അതുതന്നെയാണ്. ഗവൺമെൻറ് വ്യവസായങ്ങളിൽ പങ്കുചേരുകയും ഏറെറടുത്തു നടത്തുകയും ചെയ്തു തൊഴിലില്ലായ്മക്കു പരിഹാരം ഉണ്ടാക്കുന്ന ആധുനിക ലോകത്തിലെ പരിഷ്കൃത ഗവൺമെൻറിൻെറ ആദർശം എന്നുള്ളതിനെ സംബന്ധിച്ചു ഒരു കൊട്ടേഷൻ ഞാൻ ഇവിടെ വായിക്കാം.

"The extent and variety of trading by political units has been well put by Mr. Emil Davis as follows :—" Eliminating the element of time in getting from place to place it is already possible for a man in any civilised country to be brought into the world by a State doctor or midwife, reared in a State nursery, educated, clothed and doctored at a State School and if needs be fed at the cost of the community during his school days. He can earn his living in Government employment in any country. In most big towns he can live in a Municipality owned house. In New Zealand the Government will lend him money with which to buy a house and it will also lend him free of charge the plans on which to construct it. If sick he may be treated by a State doctor or in a State hospital. He may read at the State or Municipal library until he goes blind when the State will take him into a State blind asylum or until he goes off his head when he will be cared for in a State lunatic asylum. If unemployed the State endeavours to find him work. In most of the towns in Itlay or in Budapest he can buy his bread from the Municipal bakery and in other countries he can get Municipality killed meat from a Municipal butchery and flavour it with Government salt after having cooked it over a fire made with a State mined coal, or he can partake of this meal in a Municipal restaurant drinking Municipally brewed beer, wine from the State vine-yards or State spirits. He then lights his State made cigar with State made matches and can read a Municipally produced daily newspaper. By this time feeling more cheerful he can draw some more money from his account at the State or Municipal Savings Bank and can visit the Municipally owned race course where he gambles with the State or city and can end up the evening at a State or Municipally owned theatre. If he likes he can even take a Municipal ballet girl out to supper after which he may, if he feels so inclined, confess to a State supported priest. Then if he can afford it, he may go to recuperate at a State or Municipal water spa or bath in France, Germany and New Zealand after having insured his life with a State Insurance Office and his house and furniture with a State fire insurance department. By this time if a strong individualist in despair at the encroaches of the State and Municipality in every domain of life's activity he

LIBRARY ARCHIVES Kerala Legislative Assembly

can buy State gun powder at a State shop and blow his brains out ; or if he likes to blow out some one else's the State having brought him into the world and made him what he is will finish the job and kill him this being a monopoly jealously guarded by the State except in war times. In Switzerland, Paris or many another city, the Municipality will bury him. There is no time to follow him beyond this stage except to mention that the public trustee in most countries will probably look after the deceased's affairs much better than he hid himself during his life time."

ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

